പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3180

10/12/2018-ൽ
മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയുടെ ഭാഗമായുള്ള സ്കൂളുകളിലെ നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റുവാൻ സർക്കാർ നൽകിയ ഉത്തരവിൽ ഒരു കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന ഉത്തരവിൽ യുക്തമായി ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) മലപ്പുറം ജില്ലയിൽ എത്ര സ്കൂളുകളിലെ നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റുവാൻ ഡി.ഡി.ഇ മലപ്പുറം അനുവാദം നൽകിയിട്ടുണ്ട്; എത്ര അപേക്ഷകൾ ഡി.ഡി.ഇ മലപ്പുറം ഡി.പി.ഐ യ്ക്ക് നൽകിയിട്ടുണ്ട്; ഏതെല്ലാം അപേക്ഷകൾ എന്നും ഈ വിഷയത്തിൽ ഡി.പി.ഐ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;<br><br>(സി) എം.എൽ.എ /എം.പി ഫണ്ട് ഉപയോഗിച്ച് ഇത്തരത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഡി.ഡി.ഇ. മലപ്പുറത്തിന് നൽകിയ അപേക്ഷകളിൽ നാളിതുവരെയായി നടപടി സ്വീകരിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; | (ബി) യും (സി) യും മലപ്പുറം ജില്ലയിൽ 16 സ്കൂളുകൾ ഒരു കോടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 3 സ്കൂളുകളാണ് കെട്ടിടം പൊളിക്കാനുള്ള അപേക്ഷ നൽകിയിട്ടുള്ളത്. ആയതിൽ പൈങ്കണ്ണൂർ ജി.യു.പി.എസിന്റെ കെട്ടിടം പൊളിക്കുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. ജി.യു.പി.എസ് പാങ്ങിന് കെട്ടിടം പൊളിക്കുവാനുള്ള അനുമതി മലപ്പുറം ഡി.ഡി.ഇ അനുവദിച്ചു നൽകിയിട്ടുണ്ട്. ഒഴുക്കൂർ ജി.എം.യു.പി സ്കൂൾ കെട്ടിടം പൊളിക്കുന്നതിനുള്ള അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | അഞ്ച് കോടി രൂപ മൂന്ന് കോടി രൂപ പദ്ധതിയിൽ ഒരു കോടി രൂപയുടെ പദ്ധതികളിൽ ഉൾപ്പെട്ട സ്കൂളുകളെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | 2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

Reena

**സെക്ഷൻ ഓഫീസർ**